# ലാന്റ് റവന്യു കമ്മീഷണറുടെ നടപടിക്രമം

*(പബ്ലിക് ആഫീസ് ബിൽഡിംഗ്, മ്യൂസിയം ജംഗ്ഷൻ, തിരുവനന്തപുരം-3)*

(ഹാജർ : ശ്രീ.കെ.ആർ.മുരളീധരൻ, ഐ.എ.എസ്)

എൽ.ആർ(റ്റി)4-13358/09(1) തീയതി : 15.10.2010

വിഷയം :- ജീവനക്കാര്യം - ലാന്റ് റവന്യു വകുപ്പ് - കേരള റവന്യു മിനിസ്റ്റീരിയൽ സബോർഡിനേറ്റ് സർവ്വീസ്-അന്തർ ജില്ലാ സ്ഥലമാറ്റം സംബന്ധിച്ച് 02.01.1961-ലെ ജി.ഒ (എം.എസ്)4/61/PD നമ്പർ ഗവൺമെന്റ് ഉത്തരവിലെ വ്യവസ്ഥകൾ ബാധകമാക്കാതെയുള്ള 10.9.84 ലെ Integrated LDC/VA താൽക്കാലിക സീനിയോറിറ്റി ലിസ്റ്റ് പുതുക്കി പ്രസിദ്ധീകരിച്ച് ഉത്തരവാകുന്നു.

പരാമർശം :-
1) ലാന്റ് റവന്യു കമ്മീഷണറുടെ 17.03.2010-ലെ LR(T)4- 13358/ 2009(1)-ാം നം. നടപടിക്രമം
2) ബഹു: ഹൈക്കോടതിയുടെ 21.03.1991-ലെ WA 789/09(1) -ാംനമ്പർ വിധിന്യായം.
3) ബഹു: ഹൈക്കോടതിയുടെ 26.03.2009-ലെ WP(C) 19076/08-ാം നമ്പർ വിധിന്യായം.
4) ബഹു: ഹൈക്കോടതിയുടെ 14.9.99-ലെ ഒ.പി.22276/ 98, 22193/98 നമ്പർ വിധിന്യായങ്ങൾ.
5) 31.07.2009-ലെ 19800/സി-3/2009/റവ നമ്പർ സർക്കാർ കത്ത്.
6) 20.10.2009-ലെ GO(Rt) 3847/09/RD നമ്പർ സർക്കാർ ഉത്തരവ്.
7) 14.10.2010-ലെ G.O(Rt)4630/2010/RD നമ്പർ സർക്കാർ ഉത്തരവ്.
8) 15.102010ലെ 39221/T3/2009/RD നമ്പർ സർക്കാർ കത്ത്.
9) 8.3.93-ലെ ജി.ഒ(പി)123/93/RD നമ്പർ സർക്കാർ ഉത്തരവ്
10) ലാന്റ് റവന്യു കമ്മീഷണറുടെ 24.12.2001-ലെ LR(T)4- 49037/2001-ാം നം. നടപടിക്രമം
11) ലാന്റ് റവന്യു കമ്മീഷണറുടെ 24.12.2001-ലെ LR(T)4- 45228/00 നം. നടപടിക്രമം.
12) ലാന്റ് റവന്യു ഡെപ്യൂട്ടി കമ്മീഷണറുടെ 8.5.2003-ലെ LR(T)4-10851/02-ാം നം. നടപടിക്രമം
13) ലാന്റ് റവന്യു ഡെപ്യൂട്ടി കമ്മീഷണറുടെ 18.1.2005-ലെ LR(T)4-23/04 നമ്പർ നടപടിക്രമം
14) ലാന്റ് റവന്യു കമ്മീഷണറുടെ 8.8.2007-ലെ LR(T)4-23/ 04-ാം നം. നടപടിക്രമം
15) ലാന്റ് റവന്യു അഡീഷണൽ കമ്മീഷണറുടെ 22.7.2006-ലെ LR(T)4-19368/ 05-ാം നം. നടപടിക്രമം
16) ലാന്റ് റവന്യൂ അഡീഷണൽ കമ്മീഷണറുടെ 02.07.2008-ലെ എൽ.ആർ.ടി4-10300/06 നമ്പർ നടപടിക്രമം.

Created with nitroPDF professional
download the free trial online at nitropdf.com/professional

ശ്രീ.യു.ഫസലുദ്ദീൻ ഫയൽ ചെയ്ത WP(C) 19076/08 ലെ ബഹു: കേരള ഹൈക്കോടതിയുടെ 26/03/2009 ലെ വിധിന്യായത്തിൽ ".. Writ petition is disposed of directing respondents 1 and 2 to see that a statewide seniority list in the feeder categories to the post of Deputy Tahsildar as identified in the Ext P1 judgment is finalised at the earliest in accordance with the directions issued in Ext P1 judgment at any rate within 6 months from the date of receipt of a copy of this judgment.." എന്ന് ഉത്തരവാകുകയും മേൽ വിധിന്യായം നടപ്പിൽ വരുത്തുന്നതിനുള്ള സമയ പരിധി 16.10.2010 വരെ ദീർഘിപ്പിച്ച് നൽകുകയും ചെയ്തിരുന്നു. പ്രസ്തുത വിധിയിൽ പരാമർശിക്കുന്ന P1, അതായത് WA 789/89-ാം നമ്പർ കേസിലെ ബഹു: ഹൈക്കോടതിയുടെ 21.03.1991 ലെ വിധിന്യായത്തിൽ ".. that the feeder category for appointment by transfer to the cadre of Deputy Tahsildar under the special rule consists of the following categories

1. Head Clerk/ Head Accountant
2. Firka Revenue Inspector/Special Revenue Inspector
3. Upper Division Clerk
4. Lower Division Clerk "എന്ന് വ്യക്തമാക്കിയിട്ടുണ്ടായിരുന്നു.

റവന്യൂ വകുപ്പ് സംയോജനവുമായി ബന്ധപ്പെട്ട് ബഹു: കേരള ഹൈക്കോടതിയുടെ പരാമർശം 4 പ്രകാരമുള്ള വിധിന്യായത്തിൽ ചുവടെ ചേർക്കും പ്രകാരം ഉത്തരവായിരുന്നു. "The Court has directed to prepare fresh integrated seniority list of UDC's and VO's on the onehand LDC's and VA's on the other hand as on 10.9.84 solely with reference to the persons who were actually holding the respective offices as on 10.09.84. The Court has also directed the state and Land Revenue Commissioner to prepare such a list and to use that list alone for promotion to the vacancies that arose the date of integration on 10.9.84 subject to other relevant rules, orders and directions within two months from 14.9.99".

Created with
nitro PDF professional
download the free trial online at nitropdf.com/professional

സൂചന 2& 3 ലെ ബഹു: ഹൈക്കോടതി വിധികളുടെ അടിസ്ഥാനത്തിൽ ലാന്റ് റവന്യു വകുപ്പിലെ DT/JS തസ്തികയുടെ Feeder Category കളായ LDC/VA, UDC/SVO, HC/RI എന്നീ തസ്തികകളുടെ സീനിയോറിറ്റി ലിസ്റ്റുകൾ തയ്യാറാക്കുവാൻ ലാന്റ് റവന്യു കമ്മീഷണർ 12.05.2009 ൽ ഉത്തരവിട്ടിരുന്നു. ആയത് പ്രകാരം സീനിയോറിറ്റി ലിസ്റ്റുകൾ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരവെ വകുപ്പിലെ സീനിയോറിറ്റി,സ്ഥാനകയറ്റങ്ങൾ, അന്തർജില്ല സ്ഥലംമാറ്റം സംബന്ധിച്ച P&ARD യുടെ 21.01.1961 ലെ GO(MS) 4/61 നമ്പർ ഉത്തരവ് ബാധകമാക്കൽ എന്നീ വിഷയങ്ങൾ സംബന്ധിച്ച് ലാന്റ് റവന്യു കമ്മീഷണറേറ്റ് തലത്തിലും സർക്കാർ തലത്തിലും വിവിധ സർവ്വീസ് സംഘടനകളുമായി ചർച്ച ചെയ്യുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ സേവന ചട്ടങ്ങളുടെയും , കാലാകാലങ്ങളിലുള്ള സർക്കാർ ഉത്തരവുകളെയും ,നിർദ്ദേശങ്ങളേയും അടിസ്ഥാനമാക്കി സീനിയോറിറ്റി ലിസ്റ്റുകൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ തയ്യാറാക്കി പ്രസിദ്ധീകരിക്കുവാനും സീനിയോറിറ്റി ലിസ്റ്റുകൾ തയ്യാറാക്കുവാനും സൂചന(5) പ്രകാരം സർക്കാരിൽ നിന്നും നിർദ്ദേശം ലഭിക്കുകയുണ്ടായി. അതോടൊപ്പം റവന്യു വകുപ്പിൽ അന്തർജില്ല സ്ഥലംമാറ്റം സംബന്ധിച്ച P&ARD യുടെ 21.01.1961 ലെ GO(MS) 4/61 നമ്പർ ഉത്തരവ് ബാധകമാക്കികൊണ്ട് സൂചന (6) പ്രകാരം സർക്കാർ ഉത്തരവാകുകയും അതനുസരിച്ച് 10.09.1984 ലെ യും 10.09.1984 മുതൽ 31.12.2006 വരെയുള്ള LDC/VA മാരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റുകൾ സൂചന 1 പ്രകാരം പ്രസിദ്ധീകുകയും ചെയ്തിരുന്നു.

എന്നാൽ വകുപ്പിൽ GO(MS) 4/61 ബാധകമാക്കികൊണ്ടുള്ള സൂചന (6) പ്രകാരമുള്ള സർക്കാർ ഉത്തരവിനെയും അതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ സീനിയോറിറ്റി ലിസ്റ്റുകളെയും ചോദ്യം ചെയ്തു ബഹു: ഹൈക്കോടതി മുൻപാകെ സമർപ്പിക്കപ്പെട്ട WPC 8123/2010 ഉൾപ്പടെയുള്ള കേസുകളിൻ മേലുള്ള ബഹു: ഹൈക്കോടതിയുടെ 06.04.2010 ലെ ഇടക്കാല വിധിന്യായത്തിൽ "... in view of the discussion as above , I am of the prima face view that Ext P13 G.O (Rt) 3847/2009 /RD Dated 20.10.2009 cannot be pressed into service for the purpose of deciding the seniority of a person appointed in the Kerala Revenue Ministerial Subordinate Service......Consequently there shall be an interim direction that P16 and P17 seniority list produced in WP(C) No.8123/2010 shall not be taken as the basis

Created with nitroPDF professional
download the free trial online at nitropdf.com/professional

for the purpose of seniority list for higher cadres falling under the different services mentioned above that constitute the Revenue Department....". എന്ന് ഉത്തരവായിട്ടുള്ളതാണ്.

ബഹു: ഹൈക്കോടതിയുടെ 06.04.2010 ലെ ഇടക്കാല ഉത്തരവ് കാരണമായി ലാന്റ് റവന്യു വകുപ്പിൽ LDC/VA മാരുടെ 10.09.1984 മുതലുള്ള സീനിയോറിറ്റി ലിസ്റ്റുകൾ നിലവിലില്ലാത്തതിനാൽ DT/JS തസ്തികയുടെ ഇതര Feeder Category കളായ UDC/SVO, HC/RI എന്നീ തസ്തികകളുടെയും DT/JS , Tahsildar എന്നീ തസ്തികകളുടെയും സീനിയോറിറ്റി ലിസ്റ്റുകൾ തയ്യാറാക്കാൻ കഴിയാത്ത സാഹചര്യം സംജാതമായി.

എന്നാൽ Additional Advocate General ന്റെ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ ലാന്റ് റവന്യു വകുപ്പിൽ GO(MS) 4/61 ബാധകമാക്കികൊണ്ടുള്ള സുചന (6)ലെ ഉത്തരവ്, സുചന( 7) ലെ ഉത്തരവ് പ്രകാരം സർക്കാർ പിൻവലിക്കുകയും "…. that GO(MS) 4/61/PD Dated 02.01.1961 is not applicable in Revenue Department since special rules prevail over General rules and it is therefore ordered accordingly.." എന്ന് ഉത്തരവാകുകയും ചെയ്തിരിക്കുകയാണ്.കുടാതെ സുചന (8) ലെ സർക്കാർ കത്തിൽ സുചന (7) സർക്കാർ ഉത്തരവിനെ അടിസ്ഥാനമാക്കി സീനിയോറിറ്റി ലിസ്റ്റുകൾ പുതുക്കി തയ്യാറാക്കുവാൻ സർക്കാർ നിർദ്ദേശം ലഭിക്കുകയും ചെയ്തിട്ടുണ്ട്.

ഈ സാഹചര്യത്തിൽ LDC/VA മാരുടെ സീനിയോറിറ്റി സംബന്ധിച്ച് 05.11.2009 ൽ ഇതേ നമ്പരായി പ്രസിദ്ധീകരിച്ച മാർഗ്ഗരേഖയിൽ അന്തർജില്ല സ്ഥലംമാറ്റം സംബന്ധിച്ച് P&ARD യുടെ 21.01.1961 ലെ GO(MS) 4/61 നമ്പർ ഉത്തരവിലെ വ്യവസ്ഥകൾ റവന്യു വകുപ്പിന് ബാധകമല്ല എന്ന തരത്തിൽ ഭാഗിക മാറ്റം വരുത്തിയും അത് പ്രകാരം 10.09.1984 ലെ LDC/VA സംസ്ഥാനതല സംയോജിത താൽക്കാലിക സീനിയോറിറ്റി ലിസ്റ്റ് ഇതിനാൽ പുതുക്കി പ്രസിദ്ധീകരിച്ചും പരാമർശം 1 പ്രകാരമുള്ള സീനിയോറിറ്റി ലിസ്ററുകൾ റദ്ദാക്കിയും ഉത്തരവാകുന്നു.

ജില്ലാ കളക്ടർമാർ/ ബന്ധപ്പെട്ട മേലധികാരികൾ പ്രസ്തുത സീനിയോറിറ്റി ലിസ്റ്റ് (അനുബന്ധം-1)യഥാവിധം ബന്ധപ്പെട്ട ജീവനക്കാർക്കിടയിൽ പരസ്യപ്പെടുത്തേണ്ടതും ആയതിനുള്ള സാക്ഷ്യപത്രം ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

Created with nitroPDF professional
download the free trial online at nitropdf.com/professional

ഈ ലിസ്റ്റിൻമേൽ ജീവനക്കാർക്കുള്ള ആക്ഷേപങ്ങളും അവകാശവാദങ്ങളും **പതിനഞ്ച് ദിവസത്തിനകം** നിർദ്ദിഷ്ട പ്രഫോർമയിൽ (അനുബന്ധം-2) ബന്ധപ്പെട്ട ജില്ലാകളക്ടർമാർ/ആഫീസ് മേധാവികൾ ക്ക് സമർപ്പിക്കേണ്ടതാണ്.

ജീവനക്കാർ സമർപ്പിക്കുന്ന ആക്ഷേപങ്ങളും അവകാശവാദങ്ങളും പരിശോധിക്കുകയും,ടി ലിസ്റ്റിൽ ഉൾപ്പെട്ടുവരുന്ന ജീവനക്കാരുടെ സേവനവിവരങ്ങൾ ഏതെങ്കിലും വിട്ടുപോകുകയോ തെറ്റായി ഉൾപ്പെടുകയോ ചെയ്തിട്ടുണ്ടെങ്കിൽ ടി വിവരങ്ങളും ഉൾപ്പടെ ജില്ലാകളക്ടർമാർ / ആഫീസ് മേധാവികൾ വ്യക്തമായ റിപ്പോർട്ട് **08-11-2010** -നു മുമ്പ് ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

(ഒപ്പ് )
കമ്മീഷണർ.

**<u>പകർപ്പ് :</u>**

1) അഡീഷണൽ ചീഫ് സെക്രട്ടറി,
   റവന്യു വകുപ്പ്,
   സെക്രട്ടറിയേറ്റ്, തിരുവനന്തപുരം (ആമുഖകത്ത് സഹിതം)
2) അഡ്വക്കേറ്റ് ജനറൽ,
   എറണാകുളം. (ആമുഖ കത്ത് സഹിതം)
3) എല്ലാ ജില്ലാ കളക്ടർമാർക്കും
4) സെക്രട്ടറി,
   ലാന്റ് ബോർഡ്, തിരുവനന്തപുരം.
5) ഡയറക്ടർ,
   ഐ.എൽ.ഡി.എം, പി.റ്റി.പി.നഗർ,
   തിരുവനന്തപുരം.
6) ഡയറക്ടർ,
   സർവ്വെ & ലാന്റ് റിക്കാർഡ്സ്,
   തിരുവനന്തപുരം
7) ഡെപ്യൂട്ടി കളക്ടർ,
   വിജിലൻസ്,
   ഉത്തര/ദക്ഷിണ/മദ്ധ്യ മേഖല.
8) കമ്മീഷണറുടെ സി.എ.യ്ക്ക്.
9) അഡീഷണൽ കമ്മീഷണറുടെ സി.എ.യ്ക്ക്.
10) അസിസ്റ്റന്റ് കമ്മീഷണർ (ആർ.ഇ)
11) സൂപ്രണ്ട്, ഇ/ജി സെക്ഷൻ
12) ഇ4 സീറ്റ്

ഉത്തരവിൻപ്രകാരം

(ഒപ്പ് )
അസിസ്റ്റന്റ് കമ്മീഷണർ
(സീനി

Created with nitro PDF professional
download the free trial online at nitropdf.com/professional